**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3969** **16.05.2017 ൽ മറുപടിയ്ക്ക്**

## തെങ്ങ് കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ മൂലം തെങ്ങ്കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ/ഉൽപാദന വർദ്ധനവ് എത്രയാണ്;വിശദാംശം നൽകുമോ; | എ) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 7,98,162 ഹെക്ടറിലും, 2013-14 വർഷം 808647 ഹെക്ടറിലും, 2014-15 വർഷം 793856 ഹെക്ടറിലും, 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തു വരുന്നതായി സാമ്പത്തി സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരം ആയിരുന്ന ഉല്പാദനം 2013-14 വർഷം 5921 മില്യൺ ആയും 2014-15 വർഷം 5947 മില്യൺ നാളികേരമായും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി കുറഞ്ഞപ്പോൾ ഉല്പാദനത്തിൽ 1.25% കുറവ് ഉണ്ടായതായി കാണുന്നു. |
| ബി) സംസ്ഥാനത്ത് നീരയുൽപ്പാദനം നടത്തിവരുന്ന ഏജൻസികൾ ഏതെല്ലാമാണ്;വ്യക്തമാക്കുമോ? | ബി) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന നാളികേര ഉല്പാദന സമിതികളിലൂടെയും, നാളികേര ഉല്പാദന ഫെഡറേഷനുകളിലൂടെയുമാണ് സംസ്ഥാനത്ത് നീര ഉല്പാദനം നടത്തി വരുന്നത്. സംസ്ഥാനത്ത് നീരയുല്പാദനം നടത്തി വരുന്ന ഏജൻസികൾ ചുവടെ ചേർക്കുന്നു.<br>1. കൈപ്പുഴ നാളികേര ഉല്പാദക കമ്പനി<br>2. കരപ്പുറം നാളികേര ഉല്പാദക കമ്പനി<br>3. കുറ്റ്യാടി നാളികേര ഉല്പാദക കമ്പനി<br>4. കൊടുങ്ങല്ലൂർ നാളികേര ഉല്പാദക കമ്പനി<br>5. കോഴിക്കോട് നാളികേര ഉല്പാദക കമ്പനി |

5. കോഴിക്കോട് നാളികേര ഉല്പാദക കമ്പനി
6. തിരുക്കൊച്ചി നാളികേര ഉല്പാദക കമ്പനി
7. വടകര നാളികേര ഉല്പാദക കമ്പനി
8. പാലക്കാട് നാളികേര ഉല്പാദക കമ്പനി
9. തേജസ്വിനി നാളികേര ഉല്പാദക കമ്പനി
10. പേരാമ്പ്ര നാളികേര ഉല്പാദക കമ്പനി
11. കടത്തനാട് നാളികേര ഉല്പാദക കമ്പനി
12. തിരൂർ നാളികേര ഉല്പാദക കമ്പനി
13. മലപ്പുറം നാളികേര ഉല്പാദക കമ്പനി
14. തൃശ്ശൂർ നാളികേര ഉല്പാദക കമ്പനി
15. ഓണാട്ടുകര നാളികേര ഉല്പാദക കമ്പനി
16. കോട്ടയം നാളികേര ഉല്പാദക കമ്പനി
17. കൊയിലാണ്ടി നാളികേര ഉല്പാദക കമ്പനി
18. വയനാട് നാളികേര ഉല്പാദക കമ്പനി

**സെക്ഷൻ ഓഫീസർ**